# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1716 22.03.2012-ൽ മറുപടിയ്ക്ക്

**പുന്നപ്ര-വയലാർ സമര സേനാനികൾക്കുള്ള പെൻഷൻ വ്യവസ്ഥകൾ**

| ചോദ്യം<br>ശ്രീ.പി.എ.മാധവൻ | ഉത്തരം<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പുന്നപ്ര-വയലാർ സമര സേനാനികളെ സ്വാതന്ത്ര്യ സമര സേനാനികളായി കണക്കാക്കിയാണോ പെൻഷൻ നൽകുന്നതെന്ന് അറിയിക്കുമോ; | (എ) അതെ |
| (ബി) പെൻഷൻ ആനുകൂല്യം ലഭിക്കുന്ന പുന്നപ്ര-വയലാർ സമര സേനാനി മരിച്ചാൽ കുടുംബ പെൻഷന് ആർക്കെല്ലാമാണ് അർഹതയെന്ന് അറിയിക്കാമോ; | (ബി) വിധവ, പ്രായപൂർത്തിയാകാത്ത മകൻ, അവിവാഹിതരായ പെൺമക്കൾ എന്നിവർക്കാണ് സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷന് അർഹതയുള്ളത്. |
| (സി) പ്രായപൂർത്തിയായ ആൺമക്കൾക്ക് പ്രസ്തുത കുടുംബപെൻഷന് അർഹതയുണ്ടോ; | (സി) ഇല്ല |
| (ഡി) ഇല്ലെങ്കിൽ മുൻസർക്കാരിന്റെ കാലയളവിൽ പ്രായപൂർത്തിയായ ആൺമക്കൾക്ക് പുന്നപ്ര-വയലാർ സമര സേനാനി കുടുംബപെൻഷൻ നൽകിയിട്ടുണ്ടോ; | (ഡി) പുന്നപ്ര-വയലാർ സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന പരേതനായ നാണു ആശാന്റെ മകൻ പ്രകാശൻ, തന്നെ പോലീസ് ഒരു ക്രിമിനൽ കേസിൽ ഉൾപ്പെടുത്തി മർദ്ദിച്ച് രോഗിയാക്കി തൊഴിൽ ചെയ്തു ജീവിക്കാൻ കഴിയാതെ ആക്കി എന്നും വസ്തുവകകൾ ജപ്തി ഭീഷണിയിലാണെന്നും, തൊഴിൽ |

| | |
|---|---|
| | രഹിതനാണെന്നും ആയതിനാൽ സ്വാതന്ത്ര്യ സമര സേനാനി പെൻഷണറുടെ മകൻ എന്ന പരിഗണന വച്ച് സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷൻ അനുവദിക്കണമെന്നുമുള്ള ശ്രീ.പ്രകാശന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ.പ്രകാശന് മുൻസർക്കാർ പെൻഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ പിന്നീട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിന് അനുവദിച്ച പെൻഷൻ റദ്ദാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| **(ഇ)** ഉണ്ടെങ്കിൽ ആർക്കെല്ലാമാണെന്ന് അറിയിക്കാമോ; | സ്വാതന്ത്ര്യ സമര സേനാനി തുടർ പെൻഷൻ പ്രത്യേക കേസ്സായി താഴെ പറയുന്നവർക്ക് അനുവദിച്ചിട്ടുണ്ട്;<br>(i) പുന്നപ്ര-വയലാർ സ്വാതന്ത്ര്യ സമര സേനാനിയുടെ മകനും മേൽപ്പറഞ്ഞ അകാരണ പീഢനത്തിന് ഇരയായവനുമായ ശ്രീ.പ്രകാശൻ (ആലപ്പുഴ)<br>(ii) ബുദ്ധിമാന്ദ്യവും ശാരീരികാ വശതയും മൂലം നിരാശ്രയനായ ശ്രീ.പ്രേംചന്ദ് (തിരുവനന്തപുരം)<br>(iii) ക്യാൻസർ രോഗബാധിതയും പരാശ്രയമില്ലാതെ ജീവിക്കാനാവാത്തവളും ഭർത്താവ് ഉപേക്ഷിച്ചതുമായ പരേതയായ ഷെമീമ (തിരുവനന്തപുരം) |

| | |
|---|---|
| | (iv) ബുദ്ധിമാന്ദ്യവും രോഗപീഢയും നിമിത്തം പരാശ്രയമില്ലാതെ ജീവിക്കാൻ കഴിയാത്ത ശ്രീ.ജേക്കബ് തളിയത്ത് (എറണാകുളം) |
| **(എഫ്)** നിയമവിരുദ്ധമായി പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | **(എഫ്)** യഥാർത്ഥ സ്വാതന്ത്ര്യ സമര സേനാനികളോടും അവരുടെ കുടുംബാംഗങ്ങളോടും തികഞ്ഞ ആദരവും ബഹുമാനവുമാണ് സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനുമുള്ളത്. നീതി പീഠങ്ങൾക്കും ഇതേ കാഴ്ചപ്പാടാണ് ഉള്ളത്. ഈ കാഴ്ചപ്പാടിലാണ് അർഹമായ പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക കേസായി തുടർ പെൻഷൻ അനുവദിച്ചു വരുന്നത്. നിയമം, മാനുഷിക പരിഗണന നൽകുന്നതിന് എതിരല്ല. സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് പെൻഷൻ നേടിയിട്ടുണ്ടെങ്കിൽ അത് റദ്ദാക്കുന്നതിനും സർക്കാരിന് നിയമാനുസൃതം പൂർണ്ണ അധികാരമുണ്ട്. |
| **ജി)** ആർക്കെല്ലാം എതിരെയാണ് ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചതെന്ന് അറിയിക്കാമോ; | **(ജി)** ബാധകമല്ല |
| **എച്ച്)** നിയമവിരുദ്ധമായി പെൻഷൻ നൽകിയത് ആരുടെ ഉത്തരവു പ്രകാരമാണെന്ന് അറിയിക്കാമോ; | **(എച്ച്)** ബാധകമല്ല |

Smitha

സെക്ഷൻ ഓഫീസർ